പരിശുദ്ധ പരുമല തിരുമേനി അന്ത്യോഖ്യാ ഭക്തനോ?

എം. കുര്യൻ തോമസ്

1876-ലെ പത്രോസ് പാത്രിയർക്കീസിന്റെ സന്ദർശനംകൊണ്ട് മാർ ദീവന്നാസ്യോസിന് വ്യക്തമായും മൂന്ന് അനുകൂല ഘടകങ്ങൾ ലഭിച്ചു. ഒന്നാമതായി മാർ മാത്യൂസ് അത്താനാസ്യോസ് കോടതികൾക്ക് വിധേയനായി. രണ്ടാമതായി താൻ ഒരിക്കൽ ശ്രമിച്ചു നടക്കാതെ പോയ മലങ്കര അസോസിയേഷൻ രൂപീകരണം പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ മുളന്തുരുത്തിയിൽ മലങ്കര പള്ളിയോഗം കൂടി സാധിച്ചെടുത്തു. മൂന്നാമതായി മലങ്കരയിലെ സത്യവിശ്വാസികളുടെ അനിഷേധ്യനേതാവ് താനാണെന്ന് എല്ലാ കക്ഷികളെയും ബോദ്ധ്യപ്പെടുത്താൻ സാധിച്ചു.

പാത്രിയർക്കീസിന്റെ മടക്കയാത്രയ്ക്കുശേഷം മാർ ദീവന്നാസ്യോസിന് നേരിടേണ്ട പ്രതിസന്ധികൾ വളരെ വലുതായിരുന്നു. മാർ അത്തനാസ്യോസ് കോടതികൾക്ക് വിധേയനായെങ്കിലും ആദിമുതൽ കേസു നടത്തേണ്ടിയിരുന്നു. അതിനു വരുന്ന ഭീമമായ ചെലവിനുള്ള പണം ഉടനെ കണ്ടെത്തേണ്ടിയിരുന്നു.

പാത്രിയർക്കീസിന്റെ സന്ദർശനം മാർ ദിവന്നാസ്യോസിന് അദ്ദേഹത്തിന്റെ ശത്രുതയും സമ്പാദിച്ചുകൊടുത്തു. പാത്രിയർക്കീസിന് വിധേയത്വത്തിനുള്ള ഉടമ്പടി കൊടുക്കാതിരുന്നത് അദ്ദേഹത്തിന്റെ അപ്രീതി വിളിച്ചുവരുത്തി. മലങ്കരയുടെ സ്വാതന്ത്ര്യം അപകടപ്പെടുത്തുന്ന ഒരു രേഖ നല്കുക മാർ ദിവന്നാസ്യോസിന് അസാദ്ധ്യമായിരുന്നു. ഈ സാഹചര്യത്തിൽ കൊല്ലത്തിന്റെ മെത്രാസനത്തിലുപരി മലങ്കരസഭയുടെ പൊതുതലവനായി അദ്ദേഹത്തെ അംഗീകരിക്കാൻ പാത്രിയർക്കീസ് വിസമ്മതിച്ചു. എന്നാൽ 1877-ലെ വെളിയനാട് സുന്നഹദോസ് മലങ്കരപള്ളിയോഗം ദീവന്യാസ്യോസിനോടൊപ്പം നില്ക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

ഈ സാഹചര്യത്തിൽ തന്നെ അനുസരിക്കരുതെന്ന് വ്യക്തമായ കല്പന ഉള്ള ആറു നവമെത്രാന്മാരുടെ സാന്നിദ്ധ്യം മാർ ദീവന്നാസ്യോസിനെ ആശങ്കാകുലനാക്കി. പാത്രിയർക്കീസിനെ ബോംബെയിൽനിന്നും യാത്രയാക്കി മടങ്ങിയെത്തിയ മാർ ദീവന്നാസ്യോസ് വെട്ടിക്കൽ ദയറായിൽ നവമെത്രാന്മാർ നടത്തിയ 40 ദിന ധ്യാനത്തിലേക്കു കടന്നുചെന്നത് ഈ ആശങ്കകളോടെയാണ്.

മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിലെ ഏറ്റവും കുശാഗ്രബുദ്ധിയായ സഭാദ്ധ്യക്ഷനായിരുന്നു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ. അദ്ദേഹത്തിന്റെ നയചാതുരി വെട്ടിക്കലിൽ സമർത്ഥമായി പ്രയോഗിച്ചു. മാർ ദീവന്നാസ്യോസിനെ തങ്ങളുടെ മേലദ്ധ്യക്ഷനായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത നവമെത്രാന്മാർക്ക് ബോദ്ധ്യമായി. അത്തരത്തിൽ അവർ സമ്മതിച്ച് മാർ ദീവന്നാസ്യോസിന് രേഖയും നല്കി. അതിനുശേഷമാണ് 1877 ജൂലൈ 11 ന് വെട്ടിക്കൽ ധ്യാനം പിരിഞ്ഞതും മെത്രാന്മാർ ഇടവകഭരണത്തിനായി തിരിച്ചതും.[51] അവിടെവച്ച് പാത്രിയർക്കീസിനാൽ നിരോധിക്കപ്പെട്ട അസോസിയേഷൻ യോഗം പരുമലയിൽ വിളിച്ചുകൂട്ടുന്നതിനും തീരുമാനമായി. ഇവിടെനിന്നാണ് പരിശുദ്ധ പരുമല തിരുമേനിയുടെ ഭരണകാലം ആരംഭിക്കുന്നത്. മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ വേണം അദ്ദേഹത്തിന്റെ സംഭാവനകളെ വിലയിരുത്താനും.

പരിശുദ്ധ പരുമല തിരുമേനിയുടെ ഭരണകാലം

പരിശുദ്ധ പരുമല തിരുമേനിയുടെ ഭരണകാലം 1877 മുതൽ 1902 വരെയുള്ള 25 വർഷങ്ങളായിരുന്നു.[52] ഇതിൽ അദ്ദേഹത്തിന്റെ മലങ്കരസഭാ ഭരണരംഗത്തുള്ള സംഭാവനകളെ പൊതുസഭ, ഭദ്രാസനം, ഇടവകപള്ളികൾ എന്നിങ്ങനെ മൂന്നു തലങ്ങളിൽ വേണം വിലയിരുത്താൻ.

പൊതുസഭ

പരിശുദ്ധ പത്രോസ് പാത്രിയർക്കീസ് മടങ്ങിപ്പോയശേഷം 1878 കുംഭം 6ന് മലങ്കര അസ്സോസിയേഷൻ പരുമല സെമിനാരിയിൽ കൂടി. അഭിനവ മെത്രാന്മാരെ കമ്മറ്റി മെമ്പർമാരായി അംഗീകരിക്കുകയും അവരെ വ്യവഹാരത്തിനുള്ള പണം സമാഹരിക്കുന്നതിനു ചുമതലപ്പെടുത്തുകയും ചെയ്തു.[53] ഇതിനിടയിൽ കൊല്ലവർഷം 1052 കർക്കടകം 2ന് മാർ മാത്യൂസ് അത്താനാസ്യോസ് കാലം ചെയ്തു. പിൻഗാമിയായി അദ്ദേഹം നിശ്ചയിച്ച തോമസ് അത്താനാസ്യോസിനെ പ്രതിചേർത്ത് കൊ.വ. 1054 കുംഭം 22ന് ആലപ്പുഴ ജില്ലാക്കോടതിയിൽ മാർ ദീവന്നാസ്യോസ് കേസ് ഫയൽ ചെയ്തു. 'സെമിനാരിക്കേസ്' എന്നറിയപ്പെടുന്ന ഈ വ്യവഹാരം അദ്ദേഹത്തിനു പൂർണമായും അനുകൂലമായി കൊ.വ. 1064 (1889) മിഥുനം 30നു തിരുവിതാംകൂർ റോയൽ കോടതി വിധിച്ചു. ഈ കേസ് നടത്തിപ്പിന് മാർ ദീവന്നാസ്യോസ് സഹിച്ച ബുദ്ധിമുട്ടുകൾ അചിന്തനീയമാണ്. തന്റെ മോതിരവും സ്ലീബയും പലവട്ടം പണയം വയ്ക്കേണ്ടിവന്ന അദ്ദേഹത്തിന്റെ ധനദൗർലഭ്യത്തിന്റെ ആഴം സഹചാരിയായ ഇ.എം. ഫിലിപ്പ് വർണിച്ചിട്ടുണ്ട്.[54] ഏതായാലും ഈ യുദ്ധത്തിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ വിജയം നേടി സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തി. പ്രൊട്ടസ്റ്റന്റ് അനുഭാവികൾ 'മാർത്തോമ്മ സഭ' എന്നൊരു പുതിയ സഭയുണ്ടാക്കി പിരിഞ്ഞുപോവുകയും ചെയ്തു.

മലങ്കര മഹാഇടവകയിലെ തന്റെ മേലധികാരം ആറു നവ മെത്രാന്മാരും അംഗീകരിച്ചെങ്കിലും അവരെക്കുറിച്ച് മാർ ദീവന്നാസ്യോസിനുണ്ടായിരുന്ന ഭയം പൂർണമായും അസ്ഥാനത്തായില്ല. അന്ത്യോഖ്യാ പാത്രിയർക്കീസുമാരിൽ ആദ്യം മലങ്കര കണ്ട വ്യക്തി മാർ പത്രോസ് തൃതീയൻ അതിനെ ഏഴു ഭദ്രാസനങ്ങളായി തിരിച്ചതും ആറു പുതിയ മെത്രാന്മാരെക്കൂടി വാഴിച്ചതും വ്യക്തമായ ഉദ്ദേശ്യങ്ങളോടുകൂടിയായിരുന്നു. തന്റെ നേരിട്ടുള്ള ഭര

ണത്തിൻകീഴുള്ള-പരസ്പരബന്ധമില്ലാത്ത- ഏഴു മെത്രാന്മാരെയാണ് പാത്രിയർക്കീസ് രൂപപ്പെടുത്തിയത്. ഒരു പക്ഷേ ഭാവിയിൽ ഈ ഭദ്രാസനങ്ങൾക്ക് ശീമമെത്രാന്മാർ മേൽപ്പട്ടക്കാരായി നിയമിക്കപ്പെടാനും സാദ്ധ്യതയുണ്ടായിരുന്നു.[55]

തന്റെ സ്വേച്ഛാധിപത്യ ഇംഗീതങ്ങൾക്ക് ഏറ്റവും വലിയ വിലങ്ങുതടി മലങ്കര മെത്രാന്റെ കീഴിലുള്ള മലങ്കരസഭയുടെ കേന്ദ്രീകൃതഭരണ രീതിയാണെന്ന് പ. പത്രോസ് പാത്രിയർക്കീസ് മനസ്സിലാക്കി. ഈ പശ്ചാത്തലത്തിലാണ് വിഭജിച്ചു ഭരിക്കുവാൻ ആറു മെത്രാന്മാരെ നിയമിച്ചത്. ഭീമമായ ഒരു സംഖ്യ വർഷാവർഷം റിശീസയായി പിരിച്ചയയ്ക്കാനുള്ള ബാദ്ധ്യതയും ഈ മെത്രാന്മാർക്കുണ്ടായിരുന്നു. സഭയെ ശിഥിലീകരിക്കാനുള്ള പാത്രിയർക്കീസിന്റെ ഭദ്രാസന വിഭജനവും മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രതിനിധാനം ചെയ്യുന്ന മലങ്കര സഭയുടെ താത്പര്യങ്ങളും തമ്മിൽ ഏറ്റുമുട്ടൽ ഉറപ്പായിരുന്നു.

അഭിനവ മെത്രാന്മാരിൽ സ്ഥാനത്യാഗം ചെയ്ത കോനാട്ട് മാർ യൂലിയോസും 1891 മാർച്ച് 9 ന് കാലംചെയ്ത അമ്പാട്ട് മാർ കൂറിലോസും പ്രശ്നങ്ങളൊന്നും ഉണ്ടാക്കിയില്ല. എന്നാൽ കടവിൽ മാർ അത്താനാസ്യോസ് ഒളിഞ്ഞും കരോട്ടുവീട്ടിൽ മാർ ശീമോൻ ദീവന്നാസ്യോസ് പരസ്യമായും മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ മേലധികാരത്തിനെതിരായി പ്രവർത്തിച്ചു. അങ്ങേയറ്റം ഇരു ദീവന്നാസ്യോസുമാരും തമ്മിൽ കോടതി വ്യവഹാരം തന്നെയുണ്ടായി.[56] എന്നാൽ മുറിമറ്റത്തിൽ മാർ ഈവാനിയോസും ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസും പൂർണമായും മലങ്കര മെത്രാനോടൊത്തു നിന്നു.

മാർ ദീവന്യാസ്യോസ് അഞ്ചാമന് പ. പത്രോസ് പാത്രിയർക്കീസ് മലങ്കരസഭയുടെ പൊതുവായ മേലധികാരി എന്ന നിലയിൽ ഒരു രേഖ കൊടുക്കാൻ വിസമ്മതിച്ചെങ്കിലും അദ്ദേഹം അതു വകവച്ചിരുന്നില്ല. 1865-ൽ തനിക്കു ലഭിച്ച സ്ഥാത്തിക്കോനും 1876ൽ അസോസിയേഷൻ പ്രസിഡന്റുസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പും മതിയായ രേഖകളായി അദ്ദേഹം കണക്കാക്കി.[57] അതനുസരിച്ച് എല്ലാ ഇടവകകളിലും മലങ്കര മെത്രാന്റെ മേൽനോട്ടാധികാരം അദ്ദേഹം പ്രയോഗിച്ചുവന്നു. ഇക്കാര്യത്തിൽ പ. പരുമല തിരുമേനിയുടെ നിലപാട് തികച്ചും നിർണായകമായിരുന്നു. അതാകട്ടെ മാർ ദീവന്നാസ്യോസിനു തികച്ചും അനുകൂലവും. തുമ്പമൺ, കൊല്ലം ഇടവകകൾ പ. പരുമല തിരുമേനിയെ അദ്ദേഹം ഏകപക്ഷീയമായി ഏല്പിച്ചതുതന്നെ പാത്രിയർക്കീസിന്റെ വിഭജന നിയമനങ്ങളെ അദ്ദേഹം വകവെച്ചിരുന്നില്ലയെന്നതിന്റെ തെളിവാണ്.

നവീകരണക്കാരുമായുള്ള കേസ് അതിന്റെ വഴിക്ക് നീങ്ങുമ്പോഴും മാർ ദീവന്നാസ്യോസ് അഞ്ചാമൻ നൂൽപ്പാലത്തിലൂടെ നടക്കുകയായിരുന്നു. ചരിത്രത്തിന്റെ ദശാസന്ധിയിൽ സ്വീകരിക്കേണ്ടിവന്ന അന്ത്യോഖ്യൻ ബാന്ധവം ഒരു നീരാളിയെപ്പോലെ സഭയെ വരിഞ്ഞുമുറുക്കി വന്നു. ഇതിനെതിരെ പടപൊരുതി സഭയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുക മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ ബാദ്ധ്യത ആയിരുന്നു. പാത്രിയർക്കീസിന്റെ ഭാഗത്തുനിന്നുള്ള ഏതൊരു പ്രകോപനവും നവീകരണക്കാരുമായി നടന്നുവന്ന കേസിനെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയായിരുന്നു. മലങ്കരയെ ഏഴ് സ്വതന്ത്ര ഇടവകകളായി തിരിക്കുകയും ആറു മെത്രാന്മാരെ വാഴിക്കുകയും ചെയ്ത പാത്രിയർക്കീസിന്റെ നടപടിപോലും കേസിനെ പ്രതികൂലമായി ബാധിക്കുന്ന നിലയിലെത്തി.[58]

ഈ സാഹചര്യത്തെ ഫലപ്രദമായി നേരിടുവാൻ പ. പരുമല തിരുമേനിയുടെ സഹായം മാർ ദീവന്നാസ്യോസിനു ലഭിച്ചു. ഇടവക മെത്രാന്മാരുടെ നിയമനം മൂലം മാർ ദീവന്നാസ്യോസിന്റെ പൊതു അധികാരം ഇല്ലാതായി എന്ന് നവീകരണക്കാർ വാദം ഉന്നയിക്കുകയും, ആറു മെത്രാന്മാരെയും സാക്ഷികളാക്കുകയും ചെയ്തു. അവരിൽ അഞ്ചുപേരും മൊഴി കൊടുക്കാൻ ആദ്യം വിസമ്മതിച്ചു. തന്റെ അധികാരത്തെ അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ളവരടക്കമുള്ള അഞ്ചുപേരെ മാർ ദീവന്നാസ്യോസ് തന്ത്രപൂർവം ഒഴിവാക്കി എന്നു പറയുന്നതാവും കൂടുതൽ ശരി. ഈ കേസിൽ പ. പരുമല തിരുമേനി താൻ മാർ ദീവന്നാസ്യോസിന്റെ കീഴ്സ്ഥാനിയാണെന്നു മൊഴികൊടുത്തു.[59] ഇത് കേസിൽ നിർണായകസ്വാധീനം ചെലുത്തി. അതേസമയംതന്നെ ഈ മൊഴി പാത്രിയർക്കീസിന്റെ സാമ്രാജ്യത്വ മോഹങ്ങൾക്ക് തിരിച്ചടിയുമായിരുന്നു. കേവലം കേസിൽ മൊഴികൊടുക്കുക മാത്രമല്ല തന്റെ പ്രവർത്തനങ്ങളിൽ മലങ്കര മെത്രാപ്പോലീത്ത അറിയേണ്ടവയും അനുവാദം വാങ്ങേണ്ടവയും യഥാസമയം അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്തതായി തിരുമനസ്സിലെ കല്പനകളിൽനിന്നും മനസ്സിലാക്കാം.[60]

മാർ ദീവന്നാസ്യോസിനു തന്റെ സ്വന്തം കക്ഷിയിൽത്തന്നെ എതിരാളികൾ ഉണ്ടായിരുന്നു. തനിക്കു വിധേയപ്പെടുവാൻ മനസ്സുകുറവുള്ള മെത്രാന്മാർ മാത്രമല്ല. ആർക്കും കീഴ്വഴങ്ങാൻ താത്പര്യമില്ലാത്ത കുറെ പട്ടക്കാരും തൻകാര്യസാദ്ധ്യം മാത്രം നോക്കുന്ന അൽമായ പ്രമുഖരും അദ്ദേഹത്തിന്റെ കക്ഷിയിലുണ്ടായിരുന്നു. കൊ.വ. 1061 (1886) കർക്കടകം 3ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ കോട്ടയം സെമിനാരി നടത്തി എടുക്കുന്നതു വരെ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ പ്രധാന ജോലി കേസുനടത്തിപ്പിനുള്ള ഭീമമായ തുക സമാഹരിക്കലായിരുന്നു. പൊതുസ്വത്തുക്കൾ കൈവശം കിട്ടുകയും ഇടവകപ്പള്ളികൾ ഓരോന്നായി കൈവശം വരികയും ചെയ്തപ്പോൾ മാനേജിംഗ് കമ്മറ്റി മലങ്കരസഭാ ഭരണം ക്രമീകരിക്കുന്നതിനുള്ള നടപടികളിലേക്ക് സാവധാനം പ്രവേശിച്ചു.[61]

1889 ജൂലൈ 12ന് മാർ ദീവന്നാസ്യോസിന് അനുകൂലമായി അവസാനിച്ച സെമിനാരി കേസിന്റെ റോയൽ കോടതി വിധിയിൽ പാത്രിക്കീസിനു മലങ്കരയിൽ ലൗകീകാധികാരം ഇല്ലെന്നും റിശീസ പാത്രിയർക്കീസിനുള്ളതോ ഭരിക്കുന്ന മെത്രാനുള്ളതോ എന്നു പറയാനാവില്ലെന്നും ജനങ്ങളുടെ തെരഞ്ഞെടുപ്പുകൂടാതെ വാഴിക്കപ്പെടുന്ന മെത്രാന്മാർക്ക് ഭരണാധികാരം ഇല്ലെന്നും നിശ്ചയിച്ചിരുന്നു. ഇത് മലങ്കരയിലെ പള്ളികളും സ്വത്തുക്കളും തനതു വകയെന്നു വിശ്വസിച്ചിരുന്ന പാത്രിയർക്കീസിനെ ഞെട്ടിച്ചു. ഈ പരാമർശനങ്ങൾക്കു പിന്നിൽ മാർ ദീവന്നാസ്യോസാണെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന് അങ്ങനെ വിവരം കൊടുക്കാൻ മലങ്കരയിൽ ആളും ഉണ്ടാ

യിരുന്നു ഇതിനെ തുടർന്ന് 1892 നവംബർ ഏഴിന് മാർ ദീവന്നാസ്യോസ് കൊല്ലം കൊച്ചി ഇടവകകളിലൊഴികെ മറ്റൊരിടത്തും പ്രവേശിക്കരുതെന്ന് വിലക്കിക്കൊണ്ട് പാത്രിക്കീസ് കല്പന അയച്ചു. ഈ കല്പനയിൽ മാർ ദീവന്യാസ്യോസിനെതിരായി അനേകം ആരോപണങ്ങൾ ഉന്നയിക്കുകയും അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കുകയും ചെയ്തിരുന്നു.

ഈ കല്പനയെപ്പറ്റി ആലോചിക്കാൻ കൊ.വ. 1068 (1892) വൃശ്ചികം 13-ന് കോട്ടയത്തു സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. മാർ ദീവന്നാസ്യോസിനെപ്പറ്റിയുള്ള ആരോപണങ്ങൾ വ്യാജമാണ്.

2. അദ്ദേഹത്തെ പ്രസിഡന്റ് സ്ഥാനത്തുനിന്നു നീക്കാൻ സാദ്ധ്യമല്ല.

3. പാത്രിയർക്കീസ് ആവശ്യപ്പെട്ട പ്രകാരം ലൗകീകാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാൻ മാനേജിംഗ് കമ്മറ്റി തയ്യാറല്ല.

4. മാർ ദീവന്നാസ്യോസ് അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിൽ പൊതു മേലധികാരിയായിരിക്കും.

5. മലങ്കരയിൽനിന്നും പാത്രിയർക്കീസിന് എത്തുന്ന പരാതികൾ മാനേജിംഗ് കമ്മറ്റിയുടെ റിപ്പോർട്ടു പ്രകാരം മാത്രമേ തീരുമാനിക്കാവൂ.

ഈ തീരുമാനങ്ങളിൽ നാലാമതായി ഒപ്പിട്ടിരിക്കുന്നത് പ. പരുമല തിരുമേനിയാണ്.[63]

1877 മുതൽ 1902 വരെയുള്ള എല്ലാ അസോസിയേഷനുകളിലും മാനേജിംഗ് കമ്മറ്റിയോഗങ്ങളിലും പ. പരുമല തിരുമേനി കൃത്യമായി പങ്കെടുത്തതായി അവയുടെ മിനിറ്റ്സിൽ കാണുന്നുണ്ട്. 'ഒരുവൻ മറ്റൊരുവന്റെ ഇടവകയിൽ കടക്കരുതെന്നുള്ള' പാത്രിയർക്കീസിന്റെ ആവർത്തിച്ചുള്ള കല്പന നിലനില്ക്കെത്തന്നെ മാനേജിംഗ് കമ്മറ്റിയുടെ നിർദ്ദേശപ്രകാരം വടക്കൻ പറവൂർ, പുതുപ്പള്ളി, ചിങ്ങവനം മുതലായി സ്വന്ത ഇടവകയ്ക്കു പുറത്തുള്ള പള്ളികളിൽ പ. പരുമല തിരുമേനി പ്രശ്നപരിഹാരത്തിനു നേതൃത്വം വഹിച്ചതായി മാനേജിംഗ് കമ്മറ്റി മിനിട്സിൽ കാണുന്നുണ്ട്. ഇവയെല്ലാം ഇടവക മെത്രാന്മാരുടെ തീരുമാനങ്ങളുടെ മേലുള്ള അപ്പീലുകളായിരുന്നു. ഇതിൽനിന്നും പാത്രിയർക്കീസിന്റെ വിഭജനമല്ല. മറിച്ച് സഭയുടെ യോജിപ്പാണ് പ. പരുമല തിരുമേനിയുടെ പൊതു സഭാപ്രവർത്തനത്തിൽ മുമ്പിട്ടുനിന്നതെന്ന് വ്യക്തമാവും.

അസിസ്റ്റന്റ് മലങ്കരമെത്രാൻ:

ഒരു പടികൂടി കടന്ന് 1895 വൃശ്ചികം 10-ന് കോട്ടയത്തു സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി പ. പരുമല തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി നിയമിച്ചു.[65] അദ്ദേഹത്തെ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ വൈസ് പ്രസിഡന്റായി നിയമിക്കുന്നതിന് അസോസിയേഷനോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ ഭരണപാടവത്തിന്റെ അംഗീകാരമായി - മലങ്കര മെത്രാപ്പോലീത്തായുടെയും മലങ്കരസഭയുടെയും- വേണം കണക്കാക്കാൻ. അദ്ദേഹത്തിന്റെ ലോകജീവിതം 1902-ൽ അവസാനിക്കാതിരുന്നെങ്കിൽ ഒരുപക്ഷേ, മാർ ജോസഫ് ദീവന്നാസ്യോസിന്റെ പിൻഗാമിയായി മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് എത്തുവാനുള്ള സാദ്ധ്യത വളരെ ഉയർന്നതായിരുന്നു.

സ്വയം ഭരണ ശ്രമങ്ങൾ

നവീകരണക്കാരുമായുള്ള കേസ് വിജയിച്ചു തുടങ്ങിയതോടെ മലങ്കരസഭ ഇടക്കാലത്തു നഷ്ടപ്പെട്ട അതിന്റെ സ്വയം ഭരണ സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. മാർ മാത്യൂസ് അത്താനാസിയോസ് ആരംഭിച്ച അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേൽപ്പട്ടമേൽക്കുക എന്ന പതിവ് വർദ്ധിച്ചു വരുന്ന അന്ത്യോഖ്യൻ അധികാര മോഹം മൂലം ഭാവിയിൽ മലങ്കരയിൽ പൗരോഹിത്യ പ്രതിസന്ധി ഉണ്ടാക്കുമെന്ന് കുശാഗ്രബുദ്ധിയായ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മനസ്സിലാക്കി. അതിനാൽ മേൽപ്പെട്ട സ്ഥാനം ഇവിടെത്തന്നെ നൽകാനുള്ള സംവിധാനം ഉണ്ടാക്കാനുള്ള നടപടികൾ അദ്ദേഹം ആരംഭിച്ചു. പാത്രിയർക്കീസിൽ നിന്നു കൽപ്പന വാങ്ങി മൂന്നു മെത്രാപ്പോലീത്താമാർ ചേർന്നു 1889 ജൂലൈ 29 ന് മാർ അൽവാറീസ് യൂലിയോസിന് മേൽപ്പട്ടം നൽകിയത് ഇതിന്റെ പ്രാരംഭ നടപടിയായി വേണം കാണാൻ.[66] തുടർന്ന് മഫ്രിയാനാ സ്ഥാനം മലങ്കരയിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. 1895-ൽ സ്ഥാനമേറ്റ അബ്ദുൾ മ്ശിഹാ ദ്വിതീയൻ പാത്രിയർക്കീസ് മലങ്കര സന്ദർശിക്കുമ്പോൾ ഇത് നേടിയെടുക്കാമെന്നായിരുന്നു പ്രതീക്ഷ.[67] തുടർന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പൗരോഹിത്യ കനക ജൂബിലിയുടെ ഭാഗമായി അദ്ദേഹത്തിന് മഫ്രിയാനാ സ്ഥാനം നേടിക്കൊടുക്കാൻ മലങ്കര സഭയിലെ പ്രമുഖരായ വ്യക്തികൾ ശ്രമിച്ചിരുന്നു. എന്നാൽ തുടർന്നുണ്ടായ സംഭവ വികാസങ്ങൾ 1912 വരെ ഈ ശ്രമങ്ങളെ മരവിപ്പിച്ചു നിർത്തി. ദീർഘമായ ഈ ആലോചനകളിൽ ഒന്നും അന്ന് മലങ്കര മുഴുവൻ പറന്നു നടന്നിരുന്ന പരിശുദ്ധ പരുമലത്തിരുമേനി ഭാഗഭാക്കായിരുന്നില്ലെന്ന് വിശ്വസിക്കുക പ്രയാസമാണ്.

പ. പരുമല തിരുമേനി ഈദൃശപ്രവൃത്തികളാൽ പാത്രിയർക്കീസിന്റെ കല്പനകളും താൻ ചെയ്ത രജിസ്റ്റർ ഉടമ്പടിയും ലംഘിക്കുകയായിരുന്നു. പക്ഷേ, ഈ ലംഘനങ്ങൾ പാത്രിയർക്കീസിന്റെ ആഗ്രഹങ്ങളെ തകർത്തെങ്കിലും മലങ്കര സഭയുടെ നിലനില്പിന് അത്യന്താപേക്ഷിതമായിരുന്നു. ഇസഡ്.എം. പാറേട്ട് പറയുന്നു:

"അന്ത്യോഖ്യയുടെ അധികാരം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും നടത്തുന്നതിനും വേണ്ടി മലങ്കരയെ ഏഴായി കഷണിച്ച്, തന്റെ കിങ്കരന്മാരായി കഴിയണമെന്ന ഉദ്ദേശ്യത്തിൽ പത്രോസ് തൃതീയൻ നിയോഗി

ച്ചവരെ, ജോസഫ് ദീവന്നാസ്യോസ് സ്വപക്ഷത്താക്കിയതിന് ഏറ്റം പറ്റിയതും ഉത്തമവും ആയ തെളിവാണ് പരുമല മാർ ഗ്രീഗോറിയോസ്. പരിശുദ്ധനായ അദ്ദേഹം തെറ്റുചെയ്തു എന്നോ തെറ്റാണെന്നു കാണുന്ന പ്രവൃത്തി ചെയ്വാൻ അദ്ദേഹം പുറപ്പെടുമെന്നോ ആരും പറയുകയില്ല. പാത്രിയർക്കീസിന്റെ ഉദ്ദേശ്യമെന്തായിരുന്നു എങ്കിലും, മെത്രാന്മാരുടെ ധർമ്മം മലങ്കരയെ സേവിക്കുകയാണെന്ന് മാർ ഗ്രീഗോറിയോസിനെ, മാർ ദീവന്നാസ്യോസ് ബോദ്ധ്യപ്പെടുത്തി, മറ്റുള്ളവരെയും. പത്രോസ് തൃതീയന്റെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ലക്ഷ്യം തെറ്റുകയും ചെയ്തു.”[68]

മാർ ദീവന്നാസ്യോസുമായുള്ള ബന്ധം

വാക്കുകൾക്ക് വർണിക്കാനാവാത്ത ഒരു വ്യക്തിബന്ധമായിരുന്നു പ. പരുമല തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനുമായി ഉണ്ടാക്കിയത്. ഗുരുശിഷ്യബന്ധം, പിതൃപുത്രബന്ധം മുതലായ സ്ഥിരം പ്രയോഗങ്ങളിലൂടെ ഇതിനെ വർണിക്കാനാവില്ല. അത്ര ഉദാത്തമായ ഒന്നായിരുന്നു അത്. ‘വലിയ മെത്രാച്ചൻ,’ ‘വലിയ പിതാവ്’ മുതലായ സംബോധനകളാണ് പ. പരുമല തിരുമേനി മാർ ദീവന്നാസ്യോസിന് നല്കുന്നത്. വാത്സല്യം നിറഞ്ഞ ‘കൊച്ചു മെത്രാച്ചൻ’ എന്ന സംബോധന മാർ ദീവന്നാസ്യോസും നല്കി.[110]

1872ൽ കേവലം 24 വയസ്സു മാത്രമുള്ള ചാത്തുരുത്തിൽ ഗീവർഗീസ് കോർ എപ്പിസ്കോപ്പയിൽ മലങ്കരസഭയുടെ ഭാവി മാർ ദീവന്നാസ്യോസ് ദർശിച്ചു. ക്രാന്തദർശിയായ അദ്ദേഹത്തിനു പ. പരുമല തിരുമേനിയുടെ പാണ്ഡിത്യവും ജീവിതവും ബോദ്ധ്യപ്പെട്ടതിനാൽ അദ്ദേഹത്തെ 1872 ഏപ്രിൽ 7 നു മുളന്തുരുത്തി പള്ളിയിൽവച്ച് റമ്പാനാക്കി.

പ. പത്രോസ് പാത്രിയർക്കീസിന്റെ വിഭജിച്ചുഭരിക്കൽ തന്ത്രം 1877നു ശേഷം മാർ ദീവന്നാസ്യോസിനും മലങ്കരസഭക്കും കടുത്ത ഭീഷണിയായിരുന്നു. എന്നാൽ ഈ പ്രതിസന്ധിഘട്ടങ്ങളിൽ പ. പരുമല തിരുമേനിയുടെ ഉറച്ച നിലപാട് മാർ ദീവന്നാസ്യോസിന് ആശ്വാസമായി. നവീകരണക്കാരുമായി ഘോരയുദ്ധം നടത്തേണ്ടിയിരുന്ന തെക്കൻ ഇടവകകളിൽ പ. പരുമല തിരുമേനിയുടെ സജീവസാന്നിദ്ധ്യം മാർ ദീവന്നാസ്യോസിന് പൂർണമായ ആത്മവിശ്വാസം നല്കി.

പിന്നീട് സഭയുടെ പൊതുവായ കാര്യങ്ങളിലും പ. പരുമല തിരുമേനിയുടെ കഴിവ് മാർ ദീവന്നാസ്യോസ് ഉപയോഗിച്ചുതുടങ്ങി. പ്രശ്നപരിഹാരകൻ എന്ന രീതിയിൽ മലങ്കരയിലങ്ങോളമിങ്ങോളം പ. പരുമല തിരുമേനിയെ അദ്ദേഹം നിയോഗിച്ചു. സഹമെത്രാന്മാർ തന്റെ മേലധികാരത്തോട് മറുതലിച്ച് നിന്നപ്പോൾ അവരിൽ ഏറ്റവും വ്യക്തിപ്രാഭവമുള്ള മാർ ഗ്രീഗോറിയോസ് തനിക്ക് വിശ്വസ്തവിധേയനായിരിക്കുന്നത് മാർ ദീവന്നാസ്യോസിന് ആത്മവിശ്വാസം ഉണ്ടാക്കി. വലിയ മെത്രാച്ചൻ അറിയേണ്ടുന്ന കാര്യങ്ങൾ അറിയിച്ചുതന്നെയാണ് പ. പരുമല തിരുമേനി ഭരണം നടത്തിയത്.

മാർ ദീവന്നാസ്യോസ് ആഗ്രഹിച്ചതെന്തോ അതാണ് പ. പരുമല തിരുമേനി നടപ്പാക്കിയത്. പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിക്കുന്നതിൽ മാത്രമല്ല, പള്ളിഭരണം ക്രമമായി നടത്തുന്നതിലും പ. പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. അരനൂറ്റാണ്ടുകൊണ്ട് നിർജീവമായ മലങ്കരപള്ളിയോഗത്തെ മാർ ദീവന്നാസ്യോസ് മലങ്കര അസോസിയേഷനായി പുനർജീവിപ്പിച്ചപ്പോൾ പ. പരുമല തിരുമേനി ഇടവകപള്ളിയോഗങ്ങളെ കാലാനുസൃതമായി പരിഷ്കരിച്ചു. മാത്രമല്ല തന്റെ ഭദ്രാസനങ്ങളിൽ വൈദികരുടെ പൊതുയോഗം വിളിച്ചുകൂട്ടി അവർക്ക് ഒരു സംഘടന ഉണ്ടാക്കുകയും ചെയ്തു. ഇന്നത്തെ ഭദ്രാസന പൊതുയോഗങ്ങളുടെ പ്രാഗ്രൂപമായി അതിനെ വിശേഷിപ്പിക്കാം. മറ്റൊരു ഭദ്രാസനത്തിലും അന്ന് അത്തരമൊരു നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ഇടവകപ്പള്ളി, മലങ്കര എന്നിങ്ങനെ രണ്ടു തലങ്ങൾ മാത്രമുണ്ടായിരുന്ന മലങ്കരസഭയിൽ ഇടയ്ക്കിടെ അപ്രതീക്ഷിതമായി കടന്നുവന്ന ഒരു തലമാണ് ഭദ്രാസന ഇടവകകൾ. നല്ലതല്ലാത്ത ഉദ്ദേശ്യത്തോടെ പ. പത്രോസ് തൃതീയൻ പാത്രിക്കീസ് ഏർപ്പെടുത്തിയ ഈ സംവിധാനം താൽപ്പര്യമില്ലെങ്കിലും മലങ്കരസഭയ്ക്കും മലങ്കര മെത്രാപ്പോലീത്തായ്ക്കും അംഗീകരിക്കേണ്ടിവന്നു. നയകോവിദനായ മാർ ദീവന്നാസ്യോസിന് ഈ നവ ഇടവക മെത്രാന്മാരെ തന്റെ സഫ്രഗൻമാരാക്കിതീർക്കാൻ സാധിച്ചെങ്കിലും അധികാര വിഭജനം ഒരു കീറാമുട്ടിയായി മാറി. പരസ്യമായി അത്തരത്തിൽ നടത്തുന്ന ഏതൊരു പ്രവൃത്തിയും ഒരേസമയം അന്ത്യോഖ്യാ പാത്രിക്കീസിനെ പ്രകോപിപ്പിക്കുകയും നവീകരണക്കാരുമായി നടന്നുവന്ന കേസിനെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ ഇതിൽ കൃത്യമായ ഒരു തീരുമാനമെടുക്കാതെ മാർ ദീവന്നാസ്യോസ് ഒഴിഞ്ഞുമാറി.[111]

എന്നാൽ പ. പരുമല തിരുമേനിയുടെ ഭരണകാലത്ത് ഈ അധികാരവിഭജനത്തിന് നിയതമായ ഒരു ക്രമം ഉണ്ടാകുന്നതു കാണാം. ഇത് വളരെ പ്രകടമാകുന്നത് തെക്കൻ ഇടവകകളിലാണ്. പുലിക്കോട്ടിൽ തിരുമേനിയും പ. പരുമല തിരുമേനിയും5 തമ്മിലുള്ള ആത്മബന്ധമായിരുന്നു ഈ അധികാര വിഭജനപ്രക്രിയ സുഗമമാക്കിയത്. മലങ്കര മെത്രാപ്പോലീത്തായുടെ മേലധികാരം അംഗീകരിക്കാൻ പ. പരുമലത്തിരുമേനി തയ്യാറായി. മറുവശത്ത് പ. പരുമല തിരുമേനിയുടെ ഭരണത്തിൽ അനാവശ്യമായി കൈകടത്താതിരിക്കാൻ പുലിക്കോട്ടിൽ തിരുമേനിയും തയ്യാറായി. 1934ൽ മലങ്കരസഭാ ഭരണഘടന ക്ലിപ്തമായ അധികാരവിഭജനം നടത്തുംവരെ ഇവർ തമ്മിലുണ്ടായിരുന്ന ആ ബന്ധമാണ് മലങ്കര മെത്രാനും ഇടവക മെത്രാന്മാരുമായുള്ള അധികാരബന്ധത്തിന്റെ മാനദണ്ഡമായിരുന്നത്.

(പരുമല സ്മൃതി എന്ന ഗ്രന്ഥത്തിലെ ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ)